LIBRARY ARCHIVES Kerala Legislative Assembly

മോഡൽ സേഫ്റ്റി കോറിഡോർ

134 (T2630) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.റ്റി.പി. യുടെ കീഴിൽ ലോകബാങ്കിന്റെ സഹായത്തോടെ കഴക്കൂട്ടം-അടൂർ റോഡ് ഒരു മോഡൽ സേഫ്റ്റി കോറിഡോർ ആയി വികസിപ്പിക്കുമെന്ന 2013-ലെ ബഡ്ജറ്റ് പ്രഖ്യാപനം നടപ്പിൽ വരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) കെ. എസ്. റ്റി. പി. യുടെ കീഴിൻ റോഡ്-റെയിൽ-ജലഗതാഗത സംവിധാനങ്ങളെ സംയോജിപ്പിച്ചുകൊണ്ട് ഏർപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചിരുന്ന മൾട്ടിമോഡൽ സംയോജിത ഗതാഗത സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ എവിടെയെല്ലാം നടപ്പിൽ വരുത്തിയിട്ടുണ്ട് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലോകബാങ്ക് സഹായത്തോടെയുള്ള കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ട പദ്ധതിയിൽ കഴക്കൂട്ടം മുതൽ അടൂർ വരെയുള്ള റോഡ് മോഡൽ സേഫ്റ്റി കോറിഡോറായി വികസിപ്പിക്കുന്ന പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിന് മേൽനോട്ടം വഹിക്കുന്നത് കെ.എസ്.ടി.പി.യും സംസ്ഥാന റോഡ് സേഫ്റ്റി അതോറിറ്റിയും ചേർന്നാണ്. ഇതിന്റെ ആദ്യപ്രവർത്തനമായി നാറ്റ്പാക്ക് എന്ന സ്ഥാപനത്തെക്കൊണ്ട് നിലവിലുള്ള വിവരശേഖരണത്തിനായി ബേസ് ലൈൻ സർവ്വേ നടത്തി. M/s. VicRoads എന്ന ഓസ്ട്രേലിയൻ സ്ഥാപനത്തെ കൺസൾട്ടന്റ് ആയി നിയമിച്ചിട്ടുണ്ട്. കൺസൾട്ടന്റ്, സംസ്ഥാനത്ത് റോഡുസുരക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ വകുപ്പുകളുമായും സംസ്ഥാന റോഡ് സേഫ്റ്റി അതോറിറ്റിയുമായും ആശയവിനിമയം നടത്തി, അതിനുശേഷം റോഡ് സേഫ്റ്റി അതോറിറ്റിയുമായും ആശയവിനിമയം നടത്തി, ബന്ധപ്പെട്ട മറ്റു വകുപ്പുകളിൽ റോഡുസുരക്ഷാ യൂണിറ്റുകൾ സ്ഥാപിച്ചു

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

സജ്ജമാക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും കഴക്കൂട്ടം-അടൂർ മോഡൽ സേഫ്റ്റി കോറിഡോർ വികസിപ്പിക്കുന്നതിനുംവേണ്ട പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ബി) മൾട്ടി മോഡൽ സംയോജിത ഗതാഗത സംവിധാനം നടപ്പിലാക്കുവാനായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ പ്രാരംഭ സാധ്യതാ പഠനം L&T Rambol എന്ന വിദഗ്ധ കൺസൾട്ടന്റിനെക്കൊണ്ട് കെ.എസ്.ടി.പി നടത്തുകയുണ്ടായി. ഈ പദ്ധതി നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന പ്രയോജനങ്ങളും ദോഷഫലങ്ങളും അവസര സാധ്യതകളും പരിശോധിച്ചശേഷം (SWOT analysis) മേൽപ്പറഞ്ഞ നഗരങ്ങളിൽ ഇതു പ്രായോഗികമാണെന്നും അതിനുയോജിച്ച സ്ഥലങ്ങളുണ്ടെന്നും കണ്ടെത്തിയിട്ടുണ്ട്. ഈ പ്രാരംഭ സാധ്യത പഠനത്തിന്റെ റിപ്പോർട്ട് പരിശോധിച്ചു വരുന്നതേയുള്ളൂ.

റാന്നി പേങ്ങാട്ടുകടവ്, പേരുച്ചാൽ പാലങ്ങളുടെ നിർമ്മാണം

135 (2631) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജക മണ്ഡലത്തിലെ പേങ്ങാട്ടുകടവ്, പേരുച്ചാൽ പാലങ്ങളുടെ നിർമ്മാണ പുരോഗതി വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം ആരംഭിച്ച വർഷവും കരാർ തുകയും എത്രയെന്ന് വ്യക്തമാക്കാമോ ; അവസാനം പുതുക്കി നൽകിയ തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണം വൈകാനുണ്ടായ സാഹചര്യങ്ങൾ വ്യക്തമാക്കാമോ ; തടസ്സങ്ങൾ നീക്കി പണി തുടരാൻ സർക്കാർ തലത്തിൽ എന്തൊക്കെ നീക്കങ്ങളാണ് നടത്തിയിട്ടുള്ളത് വിശദമാക്കാമോ ;

(ഡി) ഇരുപാലങ്ങളുടെയും നിർമ്മാണം എന്ന് പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly